വൈക്കത്തോട്ടിലെ വെള്ളം കെട്ടിനിന്ന് സ്കൂൾ കെട്ടിടത്തിനും പ്ലേഗ്രൗണ്ടിനും ബുദ്ധിമുട്ടുണ്ടാക്കുന്നത് തടയാൻ നടപടി

55 [3308] *ശ്രീ. കെ. എൻ. എ. ഖാദർ:*

" *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വണ്ടൂർ ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിന്റെ പിൻഭാഗത്തുള്ള സ്കൂളിനോടുചേർന്ന് ഒഴുകുന്ന "വൈക്കത്തോട്" സ്വകാര്യ വ്യക്തികളുടെ അനാസ്ഥ കാരണം സ്കൂൾ അതിർത്തിയിൽ വന്ന് അവസാനിച്ച് തുടർന്ന് ഒഴുകാൻ കഴിയാതെ വെള്ളം കെട്ടിനിന്ന് സ്കൂൾ കെട്ടിടത്തിനും പ്ലേഗ്രൗണ്ടിനും വിഷമതകൾ ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തോടിന്റെ ഇരുഭാഗവും 100 മീറ്റർ നീളത്തിൽ സൈഡ് കെട്ടി താഴെ മത്സ്യമാർക്കറ്റിനുസമീപം ഉള്ള തോട്ടിൽ ചേരുംവിധം നിർമ്മാണം നടത്തി ഈ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത പ്രവൃത്തി ജലസേചന വകുപ്പുവഴി നടത്തുവാൻ സാധിക്കുന്നതാണെങ്കിൽ മേൽ നടപടികൾ കൈക്കൊള്ളുന്നതാണ്.

കേരള വാട്ടർ അതോറിറ്റിയിൽ സി. എൽ. ആർ. വർക്കറായി 4-3-1986 മുതൽ 1-8-1987 വരെ തുടർച്ചയായി ജോലി ചെയ്തിരുന്നവരെ റഗുലറൈസ് ചെയ്യാൻ നടപടി

56 [3309] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റിയിൽ സി. എൽ. ആർ. വർക്കറായി 4-3-1986 മുതൽ 1-8-1987 വരെ തുടർച്ചയായി ജോലി ചെയ്തിരുന്നവരെ റഗുലറൈസ് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേരെ;

(ബി) സി. എൽ. ആർ. വർക്കറായി ജോലി ചെയ്തിരുന്ന എല്ലാവരേയും സ്ഥിരപ്പെടുത്താതെ കോടതിയിൽനിന്ന് സ്റ്റേ വാങ്ങിച്ച് സി. എൽ. ആർ. ആയി തുടർന്ന് ജോലി ചെയ്തവരെ മാത്രം സ്ഥിരപ്പെടുത്തിയതിന്റെ മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) ഒരേ കാലഘട്ടത്തിൽ ജോലി ചെയ്തിരുന്ന ഒരേതരം ജീവനക്കാരിൽ ഒരുവിഭാഗത്തെ മാത്രം റഗുലറൈസ് ചെയ്ത നടപടിയെ സംബന്ധിച്ച് സർക്കാർ പരിശോധിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly